പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

06.06.2018 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ. *68

## തൊഴിലാളികളുടെ അവകാശ സംരക്ഷണം

**ചോദ്യം**

ശ്രീ.വി.ജോയി

ശ്രീ.ഇ.പി. ജയരാജൻ

ശ്രീ.കെ.ദാസൻ

ശ്രീ.എസ്.രാജേന്ദ്രൻ :

**ഉത്തരം**

ശ്രീ. ടി.പി.രാമകൃഷ്ണൻ

(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) തൊഴിലാളികളെ ഇഷ്ടംപോലെ പിരിച്ചുവിടാനും സംഘടിതമായി വില പേശാനുള്ള അവരുടെ അവകാശം ഇല്ലാതാക്കാനും നിയമപരമായ അധികാരം നൽകിക്കൊണ്ട് കേന്ദ്ര സർക്കാർ കോർപ്പറേറ്റ് വത്ക്കരണവും കുത്തകവത്ക്കരണവും ശക്തിപ്പെടുത്തുന്ന അവസരത്തിൽ സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

എ) തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് 75 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ നാളിതുവരെ 7111 സ്ഥാപനങ്ങളിൽ നിന്നും 180890 ജീവനക്കാർക്ക് 2029.53 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ

ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം തന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു.

ബി) നിലവിൽ നിയമം വഴി തൊഴിലാളികൾക്ക് നൽകുന്ന പരിരക്ഷ അവസാനിപ്പിക്കാനായി തൊഴിൽനിയമങ്ങൾക്ക് പകരം ലേബർ കോഡ് കൊണ്ടു വരാനുള്ള നീക്കത്തിൽ നിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) ആവശ്യപ്പെട്ടിട്ടുണ്ട്.

സി) പീടികകളിലെയും വാണിജ്യസ്ഥാപനങ്ങളിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്ക് ന്യായ വേതനവും സൗകര്യങ്ങളും അവകാശങ്ങളും ഉറപ്പ് വരുത്തുന്നതിന് ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ?

സി) പീടികകളിലും വാണിജ്യ സ്ഥാപനങ്ങളിലും അസംഘടിത മേഖലയിലും തൊഴിലാളികൾക്ക് ന്യായവേതനമല്ല നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ ടി മേഖലയിലെ തൊഴിലാളികൾക്ക് 1948-ലെ മിനിമ വേതന നിയമപ്രകാരമുള്ള കുറഞ്ഞ കുലി നിശ്ചയിച്ചിട്ടുണ്ട്. കുടാതെ ടി മേഖലയിലെ ജീവനക്കാർക്ക് സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ക്വാഡ് പരിശോധനകളും, സ്പെഷ്യൽ പരിശോധനകളും നടത്താറുണ്ട്. 2018-ൽ വിവിധ തൊഴിൽ നിയമപ്രകാരം 15705 പരിശോധനകൾ നടത്തുകയും 1468 പ്രോസിക്യൂഷൻ സ്വീകരിക്കുകയും 156 ക്ലെയിം കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

Sreekala
സെക്ഷൻ ഓഫീസർ